## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3087 — 28.01.2014 ൽ - മറുപടിക്ക്

### <u>സബ്സിഡി അക്കൗണ്ട് വഴി നൽകുന്നതിന് സംവിധാനം</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ<br>,, പി.കെ. ബഷീർ<br>,, സി. മോയിൻകുട്ടി<br>,, എൻ. ഷംസുദ്ദീൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് നൽകുന്ന സബ്സിഡികൾ പണമായി അക്കൗണ്ട് വഴി നൽകുന്നതിന് പരീക്ഷണാർത്ഥം ഏർപ്പെടുത്തിയ സംവിധാനത്തിന്റെ പ്രവർത്തന ക്ഷമത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച കണ്ടെത്തലുകളുടെ വിശദ വിവരം നൽകാമോ; | (എ) | സംസ്ഥാനത്ത് എ.പി.എൽ. (എസ്.എസ്) കാർഡുകളിന്മേൽ ഭക്ഷ്യധാന്യങ്ങൾക്ക് നൽകിവരുന്ന സബ്സിഡികൾ പണമായി ബാങ്ക് വഴി നൽകുന്നതിനായി പരീക്ഷണാർത്ഥം തിരുവനന്തപുരം ജില്ലയിലെ ആറ് റേഷൻകടകളിൽ **APL (SS) Pre-Pilot** പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് ഈ ആറ് കടകളിൽ നവീകരണ ജോലികൾ പൂർത്തിയാക്കുകയും, ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുകയും, ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്ക് അക്കൗണ്ട് വഴി പണം നൽകുന്ന പ്രക്രിയ ആരംഭിച്ചിട്ടില്ല. കാർഡുടമകളുടെ ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് റേഷൻകാർഡ് ഡാറ്റാബേസിൽ ചേർക്കുന്ന നടപടി പൂർത്തിയായി വരുന്നു. അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (ബി) ഇത് സംബന്ധിച്ച് ഗുണഭോക്താക്കളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിൽ ഉന്നയിച്ചിട്ടുള്ള പ്രധാനപ്രശ്നങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഗുണഭോക്താക്കൾക്ക് നേരിട്ട് പണമായി നൽകുന്ന പ്രക്രിയ ആരംഭിച്ചിട്ടില്ല. നിലവിലുള്ള പദ്ധതി സംബന്ധിച്ച് ഉപഭോക്താക്കളിൽ നിന്നും പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) അത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ